**യൂണിവേഴ്സിററി ലൈവ്സ്റ്റോക്ക് ഫാം ആൻറ് ഫോഡർ റിസർച്ച് ആൻറ് ഡവലപ്മെൻറ് സ്കീം**
കേരള വെറ്ററിനറി ആൻറ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
മണ്ണുത്തി, മണ്ണുത്തി പി.ഒ, തൃശൂർ, കേരള, ഇൻഡ്യ-680 651
ഫോൺ : 0487-2370302 ഇമെയിൽ:ulfmty@kvasu.ac.in

നമ്പർ. യു.എൽ.എഫ്./എം.ടി.വൈ/ജി/2381/2024 മണ്ണുത്തി, തീയതി: 06/06/2026

## പുനർ ക്വട്ടേഷൻ നോട്ടീസ്

കേരള വെറ്ററിനറി ആൻറ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തി ക്യാമ്പസിലെ യൂണിവേഴ്സിററി ലൈവ്സ്റ്റോക്ക് ഫാം ആൻറ് ഫോഡർ റിസർച്ച് ആൻറ് ഡവലപ്മെൻറ് സ്കീമിന് കീഴിലുള്ള ഫോഡർ സെക്ഷനിൽ ഉള്ള 2 പുല്ല് വെട്ട് മെഷീൻ ഉപയോഗിച്ചു, ഫോഡർ ഫാമിലെ തീറ്റപ്പുല്ല് വെട്ടി (പ്രതിദിനം ഉദ്ദേശം 2000 കിലോ മുതൽ 3000 കിലോ വരെ )10 കിലോയുടെ കറ്റകളാക്കി ലോറിയിൽ കയറ്റി നൽകുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ സമർപ്പിക്കുന്നവർ 1 കിലോ പുല്ല് വെട്ടി നൽകുന്നത് എത്ര രൂപ എന്ന നിരക്ക് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

**നിബന്ധനകൾ**

1. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്നയാൾ തന്നെ പുല്ല് വെട്ട് മെഷീന് ആവശ്യമായ അറ്റകുറ്റ പണികൾ സീനിയർ ഫാം സൂപ്പർവൈസറുടെ അറിവോടെ സ്വന്തം ചിലവിൽ നടത്തേണ്ടതാണ്.
2. മെഷീൻ ഉപയോഗിക്കുന്നതിനുള്ള പെട്രോൾ ക്വട്ടേഷൻ ലഭിക്കുന്ന ആൾ തന്നെ കൊണ്ടുവരേണ്ടതാണ്.
3. തീറ്റപ്പുല്ല് വെട്ടുന്ന സ്ഥലം ഏതെന്ന് ഓരോ പ്രാവശ്യവും ബന്ധപ്പെട്ട ഫാം ഉദ്യോഗസ്ഥനോട് ചോദിച്ചു അനുവാദം വാങ്ങേണ്ടതാണ്.
4. ക്വട്ടേഷൻ സമർപ്പിക്കുന്നത് പുല്ല് വെട്ട് മെഷീൻ ഉപയോഗിച്ചു പ്രാവീണ്യമുള്ള ആളുകൾ ആയിരിക്കണം. അതുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് എന്തെങ്കിലും ഉണ്ടെങ്കിൽ അത് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ക്വട്ടേഷനു പുറത്ത് എന്തിനുള്ള ക്വട്ടേഷനാണെന്ന് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയ്യതി 15.06.2026 രാവിലെ 11.00 മണി വരെയായിരിക്കും. EMD തുക 2000/- രൂപ. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേദിവസം രാവിലെ 11.30 ന് അപ്പോൾ

ഹാജരാകുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിച്ച് ഏറ്റവും കുറഞ്ഞ നിരക്കിൽ രേഖപ്പെടുത്തിയ ആൾക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതാണ്. സീനിയർ ഫാം സൂപ്പർവൈസറുടെ നിർദ്ദേശ പ്രകാരം 2000 കിലോ മുതൽ 3000 കിലോ വരെ പച്ചപുല്ല് ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി വെട്ടി ലോറിയിൽ കയറ്റി കൊടുക്കേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കുന്ന ആളുടെ സഹായിയായി വരുന്ന വ്യക്തികളുടെ പേര് വിവരങ്ങൾ മുൻകൂട്ടി ഫാമിന്റെ സീനിയർ ഫാം സൂപ്പർവൈസറെ അറിയിക്കേണ്ടതാണ്. ക്വട്ടേഷന്റെ കാലാവധി ക്വട്ടേഷൻ ഉറപ്പിക്കുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്കാണ്. ക്വട്ടേഷൻ ലഭിക്കുന്നയാൾ സെക്യൂരിറ്റി തുകയായി **5000/- രൂപ** ഓഫീസിൽ അടയ്ക്കേണ്ടതാണ്. കൂടാതെ, 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ കരാറെഴുതി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

നിയമാനുസൃതമായി അടയ്ക്കേണ്ട ആദായ നികുതി (ടി.ഡി.എസ്) ഈടാക്കിയശേഷം മാത്രമേ പ്രതിഫലതുക നൽകുകയുള്ളൂ. ഇതിലേക്കായി പാൻകാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. അതില്ലാത്തപക്ഷം 20% വരുമാന നികുതി ഈടാക്കുന്നതാണ്. മറ്റു സർക്കാർ ലേലങ്ങൾക്കും ക്വട്ടേഷനുകൾക്കും ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്. ക്വട്ടേഷനുകൾ അയക്കേണ്ട വിലാസം താഴെ നൽകുന്നു.

*"പ്രൊഫസർ ആന്റ് ഹെഡ്,*

*യു.എൽ.എഫ് & എഫ്.ആർ.ഡി.എസ്, മണ്ണുത്തി-680 651".*

ഒപ്പ്
**പ്രൊഫസർ & ഹെഡ്**

സ്വീകർത്താവ്: നോട്ടീസ് ബോർഡുകൾ

**//അംഗീകാരത്തോടെ അയക്കുന്നത്//**

**സെക്ഷൻ ഓഫീസർ**